പദ്ധതി എന്നിവയടക്കം 14 ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ മുഖാന്തിരം 1700 പൊതു ടാപ്പുകളിലൂടെയും 2700 ഹൗസ് കണക്ഷനുകളിലൂടെയും ഇപ്പോൾ ശുദ്ധജലവിതരണം നടത്തുന്നുണ്ട്. ഈ പദ്ധതികളിൽ നിന്നെല്ലാം 2004-ലെ വരൾച്ചയുടെ ഫണ്ട് ഉപയോഗിച്ച് സാദ്ധ്യമായ സ്ഥലങ്ങളിലേക്കെല്ലാം പൈപ്പുലൈൻ നീട്ടുകയുണ്ടായി. ഇപ്പോഴത്തെ വരൾച്ച നേരിടുന്നതിനായി നിലവിലുള്ള പദ്ധതികളുടെ സ്രോതസ്സ് വിപുലീകരണം, കേടായ പമ്പ് സെറ്റുകൾ മാറ്റി സ്ഥാപിക്കൽ, കേടായ പൈപ്പുലൈനുകൾ മാറ്റി സ്ഥാപിക്കൽ, കൂടുതൽ മണിക്കൂറുകൾ പമ്പ് ചെയ്യൽ തുടങ്ങിയ പ്രവൃത്തികൾ ചെയ്യുന്നതിന് 56 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ള പദ്ധതികളുടെയെല്ലാം പരമാവധി ശേഷിക്ക് അപ്പുറവും പൈപ്പ്ലൈൻ നീട്ടിയിട്ടുണ്ട്. ഈ നിയോജകമണ്ഡലത്തിൽ നബാർഡിന്റെ ധനസഹായത്തോടെയുള്ള പുതാടി ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. മീനങ്ങാടി പഞ്ചായത്ത് മുഴുവൻ ശുദ്ധജലവിതരണം നടത്തുന്നതിനുവേണ്ടി കാരാപ്പുഴ റിസർവോയർ സ്രോതസ്സാക്കിയുള്ള 791.10 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള ഒരു പദ്ധതി നബാർഡിന്റെ ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ മുള്ളൻകൊല്ലി പഞ്ചായത്തിലെ ശശിമല ഭാഗത്തേക്ക് ഒരു പുതിയ പദ്ധതിയുടെ സർവ്വേ പൂർത്തിയാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(8) ചാക്കയിലെ വൈദ്യുതി ഡിവിഷണൽ ഓഫീസ് കഴക്കൂട്ടത്തെ ടെക്നോപാർക്ക് സബ് ഡിവിഷൻ ഓഫീസിലേക്ക് മാറ്റി സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. എം. എ. വാഹീദ് : സർ, എന്റെ നിയോജകമണ്ഡലത്തിലെ കെ.എസ്.ഇ.ബി.-യുടെ ഇലക്ട്രിക്കൽ ഡിവിഷണൽ ഓഫീസുമായി ബന്ധപ്പെട്ട വിഷയം ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു വേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇത് ആദ്യം സ്ഥാപിച്ചിരുന്നത് എന്റെ നിയോജകമണ്ഡലത്തിന്റെ ഭാഗമായ പോങ്ങുംമൂട്ടിലാണ്. ഇതിപ്പോൾ ചാക്കയിലേക്ക് കൊണ്ടുപോയിരിക്കുകയാണ്. ചാക്ക മുതൽ കോരാണി വരെയുള്ള ഏകദേശം 20 കിലോമീറ്റർ ചുറ്റളവ് വരുന്ന പ്രദേശത്തേക്കുവേണ്ടി അനുവദിച്ച ഡിവിഷണൽ ഓഫീസ് അതിന്റെ തെക്കേ അറ്റത്ത് കൊണ്ടുവന്ന് സ്ഥാപിച്ചിരിക്കുകയാണ്. ഇതുമൂലം അവിടെയുള്ള വൈദ്യുതി ഉപഭോക്താക്കൾ വളരെയേറെ പ്രയാസപ്പെടുകയാണ്. എന്റെ നിയോജകമണ്ഡലത്തിന് ഒരു പ്രത്യേകതയുണ്ട്. തിരുവനന്തപുരം താലൂക്കിലും ചിറയിൻകീഴ് താലൂക്കിലും അല്ലാത്ത വിധത്തിൽ ഇതിന് മണ്ടിനുമിടയ്ക്കാണ് കിടക്കുന്നത്. ഓഫീസുകൾ വന്നാൽ ഒന്നുകിൽ ആറ്റിങ്ങലിലേക്ക് പോകും. അതല്ലെങ്കിൽ തിരുവനന്തപുരത്ത് വരും. ഈ രണ്ടു പ്രദേശങ്ങൾക്കും ഇടയ്ക്ക് താമസിക്കുന്ന ജനങ്ങൾ വളരെയേറെ

LIBRARY ARCHIVES Kerala Legislative Assembly

കഷ്ടപ്പെടുകയാണ്. കെ.എസ്.ഇ.ബി.-യുടെ തന്നെ സ്വന്തമായ ടെക്നോപാർക്കിന്റെ സബ് ഡിവിഷണൽ ഓഫീസിന്റെ മുകളിലുള്ള കെട്ടിടം ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുകയാണ് എന്നതിനാൽ ഒരു അധികച്ചെലവും സർക്കാരിന് ഉണ്ടാവുകയില്ല. ഇതിന്റെ ഫർണിച്ചറുകളും ഉദ്യോഗസ്ഥന്മാരെയും അങ്ങോട്ട് അയച്ചാൽ മതി. പല ഉദ്യോഗസ്ഥന്മാരും സിറ്റി കോമ്പൻസേഷൻ അലവൻസ് കിട്ടുന്നതിനുവേണ്ടി മാത്രം ചാക്കയിൽ ഈ ഓഫീസ് പിടിച്ചിട്ടിരിക്കുകയാണ്. അതുകൊണ്ട് ജനങ്ങളുടെ ആവശ്യം മുൻനിർത്തി നിത്യജീവിതവുമായി ബന്ധപ്പെട്ട ഈ ഇലക്ട്രിക്കൽ സബ് ഡിവിഷണൽ ഓഫീസ് എത്രയും പെട്ടെന്ന് കഴക്കൂട്ടത്തുള്ള ടെക്നോപാർക്കിന്റെ ഇലക്ട്രിക്കൽ സബ്ഡിവിഷണൽ ഓഫീസിന്റെ മുകളിലുള്ള കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നതാണ് ഈ സബ്മിഷനിലൂടെ എനിക്ക് ആവശ്യപ്പെടാനുള്ളത്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യത്തിൽ ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്. ഈ പറയുന്ന ഡിവിഷണൽ ഓഫീസ് സബ് സ്റ്റേഷന്റെ അപ്സ്റ്റെയറിലുള്ള ഒഴിഞ്ഞുകിടക്കുന്ന കെട്ടിടത്തിലേക്ക് മാറ്റാൻ തീരുമാനമെടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ അഭ്യർത്ഥന പ്രകാരം തന്നെ ഞാനും ആ സ്ഥലം പോയി കണ്ടു അതിനുള്ള തീരുമാനം ബോർഡ് എടുക്കുകയും ചെയ്തു. അങ്ങോട്ട് മാറ്റുമ്പോൾ ആ സബ് സ്റ്റേഷന്റെ സെക്യൂരിറ്റിക്കുവേണ്ടി ഏഴര ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി ബോർഡ് നൽകിക്കഴിഞ്ഞു. അടിയന്തിരമായി ആ പണി പൂർത്തീകരിച്ച് ഈ ഓഫീസ് ആ കെട്ടിടത്തിലേക്ക് മാറ്റും. പിന്നെ ബഹുമാനപ്പെട്ട മെമ്പർ കഴക്കൂട്ടത്തിന്റെ പ്രത്യേകതയെപ്പറ്റി പറഞ്ഞു. അങ്ങ് അവിടത്തെ മെമ്പറാണെന്നത് തന്നെയാണ് അതിന്റെ പ്രത്യേകത. അവിടെ വരുന്ന ഓഫീസുകളൊന്നും ആറ്റിങ്ങലിലേക്ക് പോകില്ല. ഏതായാലും ഇക്കാര്യം ഉടൻ തന്നെ ചെയ്യും, ഇക്കാര്യത്തിൽ തീരുമാനമെടുക്കും. പണി പൂർത്തിയായാൽ ഉടൻ തന്നെ അങ്ങോട്ട് ഷിഫ്റ്റ് ചെയ്യുന്നതാണ്. ഉദ്യോഗസ്ഥന്മാരുടെ തടസ്സമൊന്നുമില്ല. അവർക്ക് വേണമെങ്കിൽ സിറ്റി കോമ്പൻസേറ്ററി അലവൻസ് കൊടുക്കുന്ന കാര്യവും ബോർഡ് ആലോചിക്കും.

VI (a) ക്രമപ്രശ്നം

സഭ സമ്മേളിക്കുമ്പോൾ എം. എൽ. എ.-മാർ പങ്കെടുക്കേണ്ട യോഗങ്ങൾ ചേരുന്നത് സംബന്ധിച്ച്

ശ്രീ. ജോണി നെല്ലൂർ: സർ, നിയമസഭ സമ്മേളിക്കുമ്പോൾ എം.എൽ.എ.-മാർ പങ്കെടുക്കേണ്ട മറ്റ് കമ്മിറ്റികൾ യോഗം ചേരരുതെന്ന് അങ്ങും അങ്ങയുടെ മുൻഗാമികളും നിരവധി പ്രാവശ്യം ഈ സഭയിൽ റൂളിംഗ് നൽകിയിട്ടുള്ളതാണ്. ഞാനും ബഹുമാനപ്പെട്ട കെ. ബി. ഗണേഷ് കുമാറും പങ്കെടുക്കേണ്ട ഗ്രൗണ്ട് വാട്ടർ

LIBRARY ARCHIVES Kerala Legislative Assembly